# ബൈബിൾ ട്രൂത്ത്

**JULY** **YEAR: 2023**



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 40** **July 2023** **No.07**


# എഡിറ്റോറിയൽ

പ്രപഞ്ചവും അതിന്റെ നിലനിൽപും ദൈവത്തിന്റെ അസ്തിത്വത്തെ തെളിയിക്കുന്നു. ഈ ലോകവും അതിലുള്ളതെല്ലാം മനുഷ്യരടക്കം എല്ലാം ദൈവത്തിന്റെ സൃഷ്ടിയാണ്. ദൈവം നിർമ്മിച്ചതെല്ലാം അതിന്റെ ഉദ്ദേശത്തോടെ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. എല്ലാവർക്കും ആ വസ്തുത ഗ്രഹിക്കുവാൻ കഴിയുന്നില്ല എന്നതാണ് പരമാർത്ഥം. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും രണ്ടു കാര്യങ്ങൾ വ്യക്തമാണ്. മനുഷ്യരാൽ ഇതൊന്നും സാധ്യമല്ല എന്നതും അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും മനുഷ്യർക്ക് കഴിയുകയില്ല. ഞാൻ എന്നെത്തന്നെ തിരിച്ചറിയണം. പിന്നെ നാം ദൈവത്തെ തിരിച്ചറിയണം. അതിനു ശേഷം നമ്മുടെ പരിതസ്ഥിതിയേയും മനസിലാക്കണം. അപ്പോൾ മാത്രമെ ജീവിതം അർത്ഥപൂർണ്ണമാകയുള്ളു. മനുഷ്യരിലെല്ലാം ഒരു ശരീരവും ആത്മാവും ഉണ്ട്. അങ്ങനെയാണ് ദൈവം നിർമ്മിച്ചിരിക്കുന്നത്.

ദൈവത്തിൽ നിന്നാണ് ഞാൻ ഉത്ഭവിച്ചത് എന്നതു ഗ്രഹിക്കുമ്പോളാണ് നാം സത്യത്തിലേക്ക് തിരിയുന്നത്. അറിവില്ലാതെ പലരും ജീവിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. പക്ഷെ അതു മാത്രമല്ല, അതുകൊണ്ട് അവർ നഷ്ടമാക്കുന്ന വിലയേറിയ പലതുണ്ട്. സത്യദൈവത്തെ അറിയുവാൻ നാം ലോകത്തെ വീക്ഷിക്കുകയും, ദൈവത്തിന്റെ അരുളപ്പാട് തിരിച്ചറിയുകയും വേണം. ദൈവത്തിന്റെ നിത്യശക്തിയും അവന്റെ ദിവ്യത്വവും വെളിപ്പെടുത്തിയിരിക്കുന്നത് നാം

വിശ്വസിച്ച് അനുസരിക്കുവാനാണ്. സത്യവും അസത്യവും ഈ ലോകത്തിൽ സമ്മിശ്രമായി കിടക്കുകയാണ്. സത്യം കണ്ടെത്തുക എന്നത് നമ്മുടെ ലക്ഷ്യവും പരിശ്രമവുമാണ്. അന്വേഷിക്കേണ്ട രീതിയിൽ നാം അന്വേഷിച്ചാൽ കണ്ടെത്തുവാൻ കഴിയും. ഏക സത്യദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വാസം ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു. ആരംഭം മുതൽ ദൈവം തന്റെ മക്കളോട് ഇടപെടുകയും അവരെ നേർവഴിയിലേക്ക് നടത്തുവാനും ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി.

കാരണം മനുഷ്യർ പ്രലോഭനങ്ങളും മോഹന വാഗ്ദാനങ്ങളും വിശ്വസിച്ച് ദൈവകൽപന ലംഘിക്കുവാൻ തുടങ്ങി. ദൈവത്തിൽനിന്നു വേർപെടുന്ന സമയം മുതൽ ജീവിതം സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നു. ഭൂമിയിൽ ജീവിക്കുമ്പോൾ പലതും നമ്മെ ആകർഷിക്കും, അതിൽ നാം കുടുങ്ങരുത്. ദൈവത്തിന്റെ ഹിതം തിരിച്ചറിയുന്നതാണ് ഉചിതം. പിതാവ് തന്റെ പുത്രൻ മുഖാന്തരം ലോകത്തിന് വെളിപ്പെടുത്തിയ സദുപദേശം ആളുകളെ ദൈവത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിനാണ്. യേശു ലോകത്തിൽ വന്നത് കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനാണ്. ഇടയനില്ലാത്ത ആടുകളെപോലെ ആളുകൾ അലഞ്ഞു തിരിയേണ്ടി വരുന്നത് അവർ പാപം ചെയ്തതുകൊണ്ടാണ്. പാപം ചെയ്യാതെ ആരും ജീവിക്കുന്നില്ല. ദൈവത്തിന്റെ മുന്നറിവും മുൻനിശ്ചയവും പ്രാവർത്തികമാക്കുന്നതാണ് ദൈവത്തിന്റെ ആത്മരക്ഷ.

ഇപ്പോഴും ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത. പിശാചാണ് ദുരുപദേശങ്ങൾ പ്രചരിപ്പിച്ചിരിക്കുന്നത്. അതിൽനിന്നുള്ള മോചനം ഇപ്പോൾ ലഭ്യമാണ്. ദൈവത്തിന്റെ വചനം എന്ന സത്യം എല്ലാ തിരിച്ചറിവുള്ള മനുഷ്യരും അറിയുകയും ആ സത്യം അവരെ പാപത്തിൽനിന്നു സ്വാതന്ത്ര്യം വരുത്തുകയും ചെയ്യും. ക്രിസ്തുവിലുള്ള വിശ്വാസം വരേണ്ടതു സുവിശേഷ സന്ദേശം കേട്ടിട്ടാണ്. ഹൃദയപൂർവ്വം അനുസരിക്കേണ്ടത്. പാപത്തെ വിട്ടുകളഞ്ഞ് അഥവാ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ, കർത്താവ് രക്ഷിച്ച് തന്റെ സഭയോട് ചേർക്കും. ,പിന്നെ അവന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുക.

# ആരാണ് പാപി ?

## J.C. ചോട്ട്

**വ**ലപ്പോഴും പറഞ്ഞു കേൾക്കാത്ത വാക്കുകൾ പലതുണ്ട്. പാപം, പാപി, ഭോഷ്ക്ക്, ദുഷ്ടത, വഷളത്വം എന്നീ പദങ്ങൾ അപൂർവ്വമായേ നാം കേൾക്കാറുള്ളു. ഈ പ്രവൃത്തികൾ എല്ലാ സമൂഹത്തിലും ഉടനീളം നടക്കുന്നുണ്ട്. എങ്കിലും സ്ത്രീകളിലും പുരുഷന്മാരിലും അത്ര ഗൗരവമായ തെറ്റായി ഗണിക്കപ്പെടുന്നില്ല. മനുഷ്യരിൽ ഇന്നും പാപ സ്വഭാവം നിലനില്ക്കുന്നതായി അവരുടെ ജീവിതം എടുത്തു കാണിക്കുന്നു. പാപം എന്നതു ഇന്നു ഒരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. ചെറുതായാലും വലുതായാലും അതു തെറ്റുതന്നെയെന്നു സമ്മതിക്കണം.

ദൈവ വചനത്തിൽ പാപത്തെ നിർവ്വചിച്ചിരിക്കുന്നതു ഇങ്ങനെയാണ്: പാപം ചെയ്യുന്നവൻ അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ (1 യോഹന്നാൻ 3:4). അതേ ലേഖനത്തിൽ തന്നെ പറയുന്നതു: സകല പാപവും അനീതിയാകുന്നു എന്നാണ് (1 യോഹന്നാൻ 5:17). പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവൻ; അവൻ ആദി മുതൽ പാപം ചെയ്യുന്നു (1 യോഹന്നാൻ 5:8). നിയമ വിരുദ്ധമായി ചെയ്യുന്ന എന്തും പാപമാണ്. ചെയ്യാൻ പറഞ്ഞിരിക്കുന്നതു ചെയ്യാതിരുന്നാലും ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നതു ചെയ്താലും അധർമ്മം തന്നെയാണ് ലോകത്തിൽ നടക്കുന്നതു ഇതു തന്നെയാണ്.

ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള എന്തും ഈ ഗണത്തിൽ പെടുന്നതാണ്. ആകയാൽ പാപം മോശവും തെറ്റും മ്ലേച്ഛവുമാണ് എന്നു വ്യക്തമാണ്. തിരിച്ചറിവുള്ള ഏതൊരാളിലും പാപത്തിന്റെ കുറ്റം ഉണ്ടാകും. ഒരു വ്യത്യാസവുമില്ല; സകല മനുഷ്യരും പാപം ചെയ്തു ദൈവ തേജസില്ലാത്തവരായി തീർന്നു എന്നു അപ്പൊസ്തലനായ പൗലോസ് പറയുന്നു (റോമർ 3:23). ആ പാപികളുടെ കൂട്ടത്തിൽ നുണ പറയുന്നവരെയും നിരപരാധികളുടെ രക്തം ചിന്തുന്നവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തെറ്റിൽ നിന്നു ശരി തിരിച്ചറിയുന്നതിനുള്ളേ കഴിവുള്ളവരെ

യാണ് ഇവിടെ പറയുന്നതു. ശിശുക്കളെയും ബാല്യക്കാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയിവരുന്നില്ലെങ്കിൽ നിങ്ങൾക്കു ദൈവരാജ്യത്തിൽ കടപ്പാൻ സാദ്ധ്യമല്ല എന്നു ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു. (മത്തായി 18: 3)

എല്ലാവരും പാപികൾ ആണെങ്കിൽ ഈ പാപത്തിൽ നിന്നും നമുക്കു എങ്ങനെ മോചനം പ്രാപിക്കാം? കാരണം പാപത്തിനു ശിക്ഷയുണ്ടല്ലോ. നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കണമല്ലോ. പാപത്തിന്റെ ശിക്ഷ മരണമാണ്. ആ മരണം ഒഴിവാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു ദൈവം തന്റെ ഏക ജാതനായ പുത്രനെ അതിനായി നിയോഗിച്ചു. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം പ്രകടിപ്പിച്ചു. (റോമർ 5:8-9). നമുക്കു സംഭവിക്കേണ്ട നിത്യ വേർപാട് ഒഴിവാക്കുവാനായി ദൈവം ചെയ്ത പ്രവർത്തി നിമിത്തം ദൈവ സ്വഭാവത്തെ നാം മനസിലാക്കണം.

യേശു ഈ ലോകത്തിൽ വന്നു ക്രൂശിൽ മരിച്ചതു പാപികളെ ശിക്ഷിക്കാതെ പാപം ക്ഷമിച്ചു കൊടുക്കുവാനായിരുന്നു.

അതാണ് ആത്മാവിന്റെ രക്ഷ. ദൈവ കോപത്തിൽ നിന്നും രക്ഷ നേടുക എന്നതു വലിയ ഭാഗ്യമാണ്. ക്രിസ്തുവിന്റെ രക്തത്താലുള്ള നിതീകരണമാണ് അതിനുള്ള വഴി. എന്നാൽ ക്രിസ്തുവിന്റെ മരണം നമ്മുടെ ജീവിതത്തിൽ നാം എങ്ങനെ പ്രായോഗികമാക്കും?

ക്രിസ്തുവിൽ അവൻ ചിന്തിയ രക്തത്താൽ നമ്മുടെ പാപങ്ങൾ കഴുകപ്പെടണം. അവന്റെ മരണത്തോടും ഏകീഭവിക്കുവാനായി ദൈവം കൽപ്പനയും തന്നിട്ടുണ്ട്. അവന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിൽ നാം പങ്കാളികളാകണം. അതിനായുള്ള കൽപ്പനയാണ് സ്നാനം. ശൗൽ മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ അനന്യാസ് എന്ന സുവിശേഷകൻ പറയുന്നതു. ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ച് സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നത്രെ ( പ്രവൃത്തി 22: 16) യേശുവിന്റെ യാഗം ദൈവ

ത്തിനു പ്രസാദകരമായി തീർന്നു. എന്നാൽ നമുക്ക് അതിൽ വിശ്വാസം ഉണ്ടായി, അതിനോടു ബന്ധപ്പെടണം (മർക്കൊസ് 16:15,16).

ഒരാൾ കർത്താവിനാൽ രക്ഷിക്കപ്പെടുമ്പോൾ ആ വ്യക്തിയെ കർത്താവ് തന്റെ സഭയിലേക്കു ചേർക്കുന്നു (റോമർ 6:14; പ്രവർത്തി 2:47) അതിനുശേഷവും അയാൾ ജഡത്തിൽ വസിക്കുന്നതുകൊണ്ടു അയാൾ പാപിയല്ല എന്നു പറയാൻ അയാൾക്കു കഴിയുകയില്ല. ചിന്തയിലും സ്വഭാവത്തിലും പ്രവർത്തിയിലും അറിയാതെ സംഭവിക്കുന്നതാണല്ലൊ പാപം. അതു നാം വിസ്മരിക്കരുത്. സ്വയ നിതീകരണം ദൈവസാന്നിധിയിൽ വിലപ്പോവുകയില്ല. നാം തെറ്റുകാരല്ല എന്നു നാമല്ല, മറിച്ച് ദൈവമാണ് പറയേണ്ടത്. നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നവരായി തീരുന്നു.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്നതു മനസിലാക്കുക. “ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടും ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്ക് പറയുന്നു. സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെതന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൾ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി. (1 യോഹന്നാൻ 1: 5–10)

പൊതുവിൽ നാം എല്ലാവരും പാപികൾ ആണെങ്കിൽ പാപത്തിൽ നിന്നു നമുക്കു ക്ഷമാപണം ലഭിക്കുവാനുള്ള വഴി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ വചനം വിശ്വസിച്ച് പ്രമാണിച്ചാൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. പിന്നീട് നാം വിശ്വസ്തതയോടെ ജീവിക്കയും വേണം. ക്രിസ്തുവിന്റെ രക്തം അങ്ങനെ ജീവിക്കുന്നവരുടെ പാപങ്ങളെ മോചിക്കുന്നു. ശുദ്ധീകരണവും നീതീകരണവും സത്യത്തെ അനുസരിക്കുന്നവർക്കുള്ളതാണ്. വിശുദ്ധവും നിർമ്മലവുമായ ഒരു ഹൃദയം നൽകുവാൻ ദൈവത്തിനേ കഴിയൂ.

നിങ്ങൾ കർത്താവിന്റെ വചനം കേട്ട്. വിശ്വസിച്ച്, പാപങ്ങളിൽ നിന്നും തിരിഞ്ഞു ക്രിസ്തു ദൈവ പുത്രനെന്ന വിശ്വാസം ഏറ്റു പറഞ്ഞു, പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം ഏൽക്കുകയും കർത്താവിനാൽ രക്ഷിക്കപ്പെടുകയും ചെയ്യും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

**യുവാക്കൾക്കുവേണ്ടി**

ഇതാ ഒരുവൻ വിളിച്ചു പറയുന്നു. "യൌവനക്കാരാ നിന്റെ യൌവനത്തിൽ സന്തോഷിക്ക; യൌവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കുബോധിച്ചവണ്ണവും നടന്നു കൊൾക.

യൌവന പ്രായത്തിൽ മനുഷ്യഹൃദയം ചാഞ്ചാടുന്ന കുരങ്ങിനെപ്പോലെയാണ്. പലപ്പോഴും ശരിയും തെറ്റും തമ്മിൽ വിവേചിച്ചറിയാൻ കഴിഞ്ഞില്ലാ എന്നു വരുന്നു. യൌവനത്തിൽ കാണിക്കുന്ന വികൃതികളൊക്കെ തന്റെ ഹൃദയം സന്തോഷിക്കണമെന്ന താൽപര്യത്തിലാണ്. പിൽക്കാലജീവിതത്തിൽ പലതും തെറ്റായി തോന്നുമെങ്കിലും യൌവനത്തിൽ തെറ്റുകാണുവാൻ കഴിഞ്ഞില്ലെന്നുവന്നേക്കാം. കാരണം ആ പ്രായത്തിന്റെ പ്രത്യേകതയാണത്. അങ്ങനെ ഹൃദയാനന്ദത്തിനു വേണ്ടി ദാഹിക്കുന്ന, യൌവനക്കാരനോടു ജ്ഞാനിയായ ഒരു മഹാൻ വിളിച്ചു പറയുന്നു. യൌവനത്തിൽ നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നു കൊൾക എന്ന്. യുവാ മറിച്ച് ദൈവമാണ് പറയേണ്ടത്. നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നവരായി തീരുന്നു.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്നതു മനസിലാക്കുക. “ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ടു ഒട്ടു ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്ക് പറയുന്നു. സത്യം പ്രവർത്തിക്കുന്ന തുമില്ല. അവൻ വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മത്തന്നെ വഞ്ചി ക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വ സ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1 യോഹന്നാൻ 1: 5–10).

പൊതുവിൽ നാം എല്ലാവരും പാപികൾ ആണെങ്കിൽ പാപ ത്തിൽ നിന്നു നമുക്കു ക്ഷമാപണം ലഭിക്കുവാനുള്ള വഴി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ വചനം വിശ്വസിച്ച് പ്രമാ ണിച്ചാൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. പിന്നീട് നാം വിശ്വസ്തതയോടെ ജീവിക്കയും വേണം. ക്രിസ്തുവിന്റെ രക്തം അങ്ങനെ ജീവിക്കുന്നവരുടെ പാപങ്ങളെ മോചിക്കുന്നു. ശുദ്ധീ കരണവും നീതീകരണവും സത്യത്തെ അനുസരിക്കുന്നവർക്കു ള്ളതാണ്. വിശുദ്ധവും നിർമ്മലവുമായ ഒരു ഹൃദയം നൽകു വാൻ ദൈവത്തിനേ കഴിയൂ.

നിങ്ങൾ കർത്താവിന്റെ വചനം കേട്ട്. വിശ്വസിച്ച്, പാപ ങ്ങളിൽ നിന്നും തിരിഞ്ഞു ക്രിസ്തു ദൈവ പുത്രനെന്ന വിശ്വാസം ഏറ്റു പറഞ്ഞു, പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം ഏൽക്കുകയും കർത്താവിനാൽ രക്ഷിക്കപ്പെടുകയും ചെയ്യും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

**യുവാക്കൾക്കുവേണ്ടി**

ഇതാ ഒരുവൻ വിളിച്ചു പറയുന്നു."യൌവനക്കാരാ നിന്റെ യൌവനത്തിൽ സന്തോഷിക്കു; യൌവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കുബോധിച്ചവണ്ണവും നടന്നു കൊൾക.

യൌവന പ്രായത്തിൽ മനുഷ്യഹൃദയം ചാഞ്ചാടുന്ന കുരങ്ങിനെപ്പോലെയാണ്. പലപ്പോഴും ശരിയും തെറ്റും തമ്മിൽ വിവേചിച്ചറിയാൻ കഴിഞ്ഞില്ലാ എന്നു വരുന്നു. യൌവനത്തിൽ കാണിക്കുന്ന വികൃതികളൊക്കെ തന്റെ ഹൃദയം സന്തോഷിക്കണമെന്ന താൽപര്യത്തിലാണ്. പിൽക്കാലജീവിതത്തിൽ പലതും തെറ്റായി തോന്നുമെങ്കിലും യൌവനത്തിൽ തെറ്റുകാണുവാൻ കഴിഞ്ഞില്ലെന്നുവന്നേക്കാം. കാരണം ആ പ്രായത്തിന്റെ പ്രത്യേകതയാണത്. അങ്ങനെ ഹൃദയാനന്ദത്തിനു വേണ്ടി ദാഹിക്കുന്ന, യൌവനക്കാരനോടു ജ്ഞാനിയായ ഒരു മഹാൻ വിളിച്ചു പറയുന്നു. യൌവനത്തിൽ നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നു കൊൾക എന്ന്. യുവാക്കൾക്ക് എത്ര സന്തോഷകരമായ വാക്കുകളാണിവ. ആരാണ് ഇപ്രകാരം വിളിച്ച് പറയുന്നത്? ജ്ഞാനിയായ ശലോമോൻ തന്നെ.

ബൈബിളിൽ സഭാപ്രസംഗി പതിനൊന്നാം അദ്ധ്യായം ഒമ്പതാം വാക്യത്തിലാണ് മേൽപറഞ്ഞ പ്രസ്താവന, ഒരു ജ്ഞാനിയുടെ വാക്കുകളാകയാൽ അവ സ്വീകരിക്കുന്നതിലോ ഒരു തെറ്റു പറയാനുമില്ല. അവിടം കൊണ്ടു തനിക്കു പറയുവാനുള്ളതു പറഞ്ഞു അവസാനിപ്പിച്ചിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു. എന്നാൽ ജ്ഞാനി പിന്നെയും തുടരുകയാണ്. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക. പിന്നെയും പറയുന്നു. ബാല്യവും യൌവനവും മായ അത്രേ എന്ന്. ബാല്യത്തിലും യൌവനത്തിലും അംഗീകരിപ്പാൻ ഇഷ്ടപ്പെടാത്ത ശബ്ദമാണെങ്കിലും ഓർത്തുകൊൾക. "ബാല്യവും യൌവനവും മായ അത്രേ.

കേവലം നിഴൽ പോലെ വരുന്നു. അതു പോലെ പോകുന്നു. അവിടം കൊണ്ടു കാര്യങ്ങൾ തീരുന്നില്ല. ഒരു ദിവസം താങ്കളെ ന്യായവിസ്താരത്തിലേക്കു വരുത്തും.

ഒരു പക്ഷെ താങ്കൾ ഇന്നു ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തി അല്ലായിരിക്കാം. എങ്കിലും ന്യായവിസ്താരത്തിലേക്കു വന്നേ മതിയാവു. അതിൽ നിന്നും ഒഴിഞ്ഞു നിൽപ്പാൻ ആർക്കും സാധ്യമല്ല.

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. എബ്രാ. 9:27 രണ്ടു നിയമങ്ങളാണ് (1) മരണം (2) ന്യായവിധി. യൌവനത്തിൽ മരണം പിടികൂടി എന്നു വരാം. ഒരു പക്ഷേ വാർദ്ധക്യത്തിലാണ് മരണം എന്നും വരാം. എന്നാൽ ഒരു ന്യായവിധി ഉണ്ട് എന്നത് നിശ്ചയമാണ്. ആ ന്യായവിധി ദിവസത്തിൽ നിൽപ്പാൻ ഒരു മനുഷ്യനും ധൈര്യമില്ലാതാകും. ഒരു രക്ഷാമാർഗ്ഗം ഇതാ – "ഇപ്പോൾ ക്രിസ്തുയേശുവിലുള്ള വർക്കു ഒരു ശിക്ഷാവിധിയും ഇല്ല". റോമ 8:1.

പ്രിയ സുഹൃത്തേ, താങ്കൾ ക്രിസ്തുയേശുവിലാണോ. അല്ലായെങ്കിൽ ഇപ്പോൾ അതിനു അവസരമുണ്ട്. ഇപ്പോൾ ജീവ നോടെ ആയിരിക്കുമ്പോൾ ക്രിസ്തുയേശുവിൽ ആയിത്തീരാം. എങ്ങനെ? "യേശുവിനെ വിശ്വസിക്കയും ഏറ്റു പറകയും മാന സാന്തരപ്പെട്ട് പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമ ത്തിൽ സ്നാനമേൽക്കയും ചെയ്യുക. അപ്പോൾ കർത്താവു നിങ്ങളെ രക്ഷിക്കും.

✶

# സത്യത്തെ അവഗണിക്കൽ

**ജോണി രാംസെ**

ശരിയായി ദൈവത്തെ ആരാധിക്കുവാൻ കുഴപ്പം നേരിടു മ്പോഴും ദൈവത്തെ സേവിക്കാൻ തടസം നേരിടുമ്പോഴും ജീവിതം കഠിനമാകുന്നു (മലാഖി 1:13). സൃഷ്ടിയും സൃഷ്ടി കർത്താവും തമ്മിലുള്ള ബന്ധം വേർപിരിക്കാൻ പറ്റാത്ത ഒന്നാണ്.

നമ്മുടെ ജീവനേക്കാൾ വലിയവനാണ് നമ്മുടെ രക്ഷിതാവ്. ഓരോ ദിവസവും നാം അവനോടു കൂടുതൽ പറ്റിചേരുകയാണ് വേണ്ടത്. അവന്റെ ശുദ്ധീകരണ ശക്തിയും ത്രസിപ്പിക്കുന്ന സ്നേഹവും ആണ് നമ്മെ അവനുമായി ബന്ധിപ്പിക്കുന്നത്.

നാം എസ്രാ ശാസ്ത്രിയെ പോലെ കർത്താവിന്റെ പ്രമാണങ്ങളെ വായിച്ച് ഗ്രഹിച്ച് പ്രമാണിച്ചാൽ സ്വാഭാവികമായും ശക്തമായ ജീവിതം നയിക്കാൻ നമുക്കു കഴിയും. തന്നെയുമല്ല, വിശ്വാസ വ്യവസ്ഥയിൽ നിന്നു വഴുതി പോകുവാൻ സാദ്ധ്യതയുള്ളവർക്കു നാം സഹായകരമായി തീരുകയും ചെയ്യും. ദുരുപദേഷ്ടാക്കളും കള്ള പ്രവാചകന്മാരും മുൻപുണ്ടായിരുന്നതു പോലെ നമ്മുടെ ഈ കാലയളവിലും ഉണ്ട് (2 പത്രൊസ് 2:1; 1 യോഹന്നാൻ 4:1). ദൈവ വചനമെന്ന ശക്തമായ ആത്മാവിന്റെ വാളിനാൽ അതു എതിർക്കേണ്ടതാണ് (എഫെസ്യർ 6:17). സുവിശേഷത്തെ കോട്ടി മറിച്ചു കളയുന്നവരെ പുറത്തു കാണിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യരുത്. അവർ തെറ്റു തിരുത്തിയാൽ ക്ഷമിക്കാം (ഗലാത്യർ 1:6–9; 2 യോഹന്നാൻ 9–11). എന്തു സംഭവിച്ചാലും നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:29). അതു നാം ധൈര്യത്തോടെ ചെയ്യണം (പ്രവൃത്തി 14:3).

അതുപോലെയുള്ള കാര്യങ്ങൾ ധൈര്യപൂർവ്വം പ്രവർത്തിക്കാതിരിക്കുന്നതു ആരോഗ്യപരമായ നല്ല പരീക്ഷണമോ ആകുകയില്ല. നമ്മുടെ രക്ഷിതാവു തരുന്ന സന്ദർഭത്തെ എതിർക്കുകയാണ് അവർ ചെയ്യുന്നത്. നാം തിരുവെഴുത്തിലെ യാഥാർത്ഥ്യ ബോധത്തെ വായിച്ചു ബോധ്യപ്പെട്ടത്, സാത്താനോടു ഒരു യുദ്ധത്തിനു തയ്യാറാകുന്നുവെങ്കിൽ സംശയത്തെ ദുരീകരിക്കാനും അവന്റെ പരീക്ഷണത്തിൽ പരാജിതരാകാതിരിക്കാനും കഴിയും. കൂടാതെ നിരന്തരമായ പ്രാർത്ഥനയും കടമകൾ നിർവ്വഹിക്കു

ന്നതും നാം മുടക്കരുത്. നമ്മുടെ എതിരാളിയും ശത്രുവും ശക്ത നാണെങ്കിലും അവന്റെ ശക്തിയേക്കാൾ ദൈവം ശക്തനാണെന്നു നാം തിരിച്ചറിയണം (1 യോഹന്നാൻ 4:4; 3:8; 5:4). സത്യത്തിനു ഒരു വിട്ടുവീഴ്ച്ചയും ചെയ്യരുത് (മത്തായി 12:30). ഇരുളിനും വെളിച്ചത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല (2 കൊരിന്ത്യർ 6:14). നിർമ്മലവും ശക്തവുമായ വചനത്തിനു പകരമായി മറ്റൊന്നില്ല (യെശയ്യാവ് 30:10: യിരമ്മ്യാവ് 9:3).

നമുക്കു തിരഞ്ഞെടുക്കുവാൻ മറ്റൊന്നില്ല. യോശുവ പറഞ്ഞതുപോലെ പറയുവാനേ സാധിക്കു. 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'. ജീവനേയും മരണത്തേയും നോക്കുമ്പോൾ അതിനേക്കാൾ വലുതാണ് സത്യം. വിശ്വാസ ത്യാഗത്തെ നാം കണ്ടുകൊണ്ടാണ് ജീവിക്കുന്നത്. പഴയ ലൗകിക മനുഷ്യനായ പാപ ജീവിതത്തെ വിട്ടു കളഞ്ഞ് ദൈവ സന്നിധിയിൽ വന്നു നാം സന്തോഷവും ദൈവ മഹത്വവും അനുഭവിച്ചവരാണ് (വെളിപ്പാട് 14:13).

സുവിശേഷത്തിന്റെ ശത്രുക്കൾ ഒന്നാം നൂറ്റാണ്ടിൽ ദൈവ കുഞ്ഞാടിന്റെ അനുയായികളെ ഉപദ്രവിക്കുകയും തടവിലാക്കുകയും അറുക്കുകയും ചെയ്തിട്ടുണ്ട്. യെഹുദമതം, തത്വശാസ്ത്രം, റോമൻ എതിർപ്പ് എന്നിവ യോജിച്ച് ക്രിസ്ത്യാനിത്വത്തിന്റെ ശത്രുക്കളായി മാറി. അനേക ചരിത്രകാരന്മാർ പറഞ്ഞതുപോലെ വീണ്ടെടുപ്പുകാരന്റെ സൈന്യമായിരുന്നു വിജയിച്ചത്. കാരണം ക്രിസ്ത്യാനിത്വത്തെ ഇല്ലാതാക്കാൻ അവർക്കൊന്നും കഴിഞ്ഞില്ല.

രക്തസാക്ഷികൾ ചൊരിഞ്ഞ രക്തം രാജ്യത്തിന്റെ വ്യാപ്തിക്കു നിമിത്തമായി തീർന്നു. വിശ്വാസത്യാഗം നമ്മുടെ കാലയളവിലും തല പൊക്കുന്നുണ്ട്. ആ തെറ്റിനെ പരാജയപ്പെടുത്തുവാൻ നമ്മിലെ നന്മ ഉണരണം. ആരാധനയുടെ കാര്യത്തിലും, ഉപദേശത്തിലും, ധാർമ്മികതയിലും വിവാഹത്തിലോ,

ഉപേക്ഷണകാര്യത്തിലോ, ശവസംസ്കാരത്തിലോ അധികാരികളുടെ മുൻപിലോ നാം നമ്മുടെ മുട്ട് മടക്കാനിടയാകരുത്. യേശു ക്രിസ്തുവിന്റെ മുൻപിൽ മാത്രമേ നമ്മുടെ മുട്ടു മടങ്ങാവു. നാം എവിടെയായിരുന്നാലും, പ്രസംഗ പീഠത്തിലും, ക്ലാസിലും, കോളേജിലും പ്രവൃത്തി മേഖലകളിലും വീട്ടിലും തെരുവിലും വ്യക്തിപരമായ പ്രവർത്തനങ്ങളിലും നാം ദൈവ വചനത്തോടു സത്യസന്ധത പുലർത്തി ജീവിക്കണം. നാം ധാർമ്മികതയിലും ആധുനികതയിലും വ്യക്തിപരമായ നിർമ്മലത സൂക്ഷിക്കണം. നാം ക്രിസ്തുവിന്നുള്ളവരാണെന്ന ഓർമ്മ വിട്ടുകളയരുത്.

വിശ്വാസത്യാഗം നമ്മുടെ കാലയളവിലും സംഭവിക്കുന്നു. ക്രിസ്തുവിന്റെ അധികാരത്തെ ഉപേക്ഷിച്ച് മാനുഷിക അധികാരത്തിനു കീഴ്പ്പെടുന്നവരാണവർ. റേഡിയോ, ടെലിവിഷൻ പേപ്പർ, മാസിക തുടങ്ങിയ വിവിധ മാദ്ധ്യമങ്ങളിലുടെ ദുരുപദേശങ്ങൾ ഓരോ ഭവനത്തിലും എത്തിക്കുന്നുണ്ട്. എന്നാൽ നാം ബൈബിൾ വിശ്വാസവും, ബൈബിൾ പ്രകാരമുള്ള ആരാധനയും ബൈബിൾ അനുസരിച്ചുള്ള ജീവിതവും നയിക്കണം (ഫിലിപ്പിയർ 3:14).

✶

## നല്ലവരായ എല്ലാവരും രക്ഷിക്കപ്പെടുമോ?

### റോഡ് റൂതർഫോർഡ്

പലപ്പോഴും ആളുകൾ പറഞ്ഞു കേട്ടിട്ടുള്ളതു : നല്ലവരായ ആളുകൾ എല്ലാം രക്ഷിക്കപ്പെടും; അവരെ ഒന്നും ദൈവം നശിപ്പിക്കയില്ല എന്നാണ്. അതിൽ അവർ അർത്ഥമാക്കുന്നതു എല്ലാ വിഭാഗങ്ങളിലും ഉൾപ്പെടുന്ന ധാർമ്മികരായ നല്ലവരെയാണ്. ഒരു വിഭാഗത്തിലും ഒരു സഭയിലും അംഗമാകാത്ത നല്ലവരും പരിഗണനയിൽ ഉണ്ട്. അവരും രക്ഷിക്കപ്പെടും എന്നാണ് ഇവർ കരുതുന്നതു. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ? സത്യവേദപുസ്തകം എന്താണ് പറയുന്നത്? മതപരമായ

ഏതു ചോദ്യങ്ങൾക്കും ആധികാരികമായ ഉത്തരം ബൈബിളിലാണല്ലോ ഉള്ളത്.

ഒരാൾക്കു തന്റേതായ നന്മ വേണ്ടത്ര ചെയ്തു രക്ഷ നേടുവാൻ സാദ്ധ്യമല്ല എന്നാണ് ബൈബിൾ പറയുന്നതു. ജനങ്ങൾക്കു അവരുടെ സൽപ്രവൃത്തികളാൽ രക്ഷ നേടുവാൻ കഴിയുമായിരുന്നെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ലല്ലോ. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു: അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൽ പ്രവർത്തികളും കാരണമല്ല (എഫെസ്യർ 2:8-9). റോമർക്കു ലേഖനം എഴുതുമ്പോൾ പൌലൊസ് പറയുന്നതു : ക്രിസ്തുവോ നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനു വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:6-8).

നന്മയും തിന്മയും വിവേചിച്ചറിയാൻ തക്ക പ്രായത്തോളം ജീവിച്ച ഏറ്റവും നല്ല ആളുകൾ പോലും പാപം ചെയ്യാതെ ജീവിച്ചിട്ടില്ല. ബൈബിൾ പറയുന്നു, എന്നാൽ നമുക്കു എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഇല്ല, ഒരു വിധത്തിലുമില്ല. യഹൂദന്മാരും ഒരുപോലെ പാപത്തിൻ കീഴായി നീതിമാന്മാർ ആരുമില്ല; ഒരുത്തൻ പോലുമില്ല. എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി (റോമർ 3:9; 10,23).

ധാർമ്മികമായി നല്ലൊരു മനുഷ്യനെ അപ്പൊസ്തല പ്രവൃത്തി പത്താം അദ്ധ്യായത്തിൽ നാം വായിക്കുന്നു. മത ഭക്തനായ ഒരു നല്ല മനുഷ്യനായിരുന്നു അവൻ. ധർമ്മം കൊടുക്കുന്നവനുമായിരുന്നു. എന്നാൽ അവൻ രക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നു. ഈ വ്യക്തിയെ കുറിച്ചു തിരുവെഴുത്തു എന്തു പറയുന്നു എന്നു നോക്കാം. കൈസര്യത്തിൽ ഇത്താലിക്ക എന്ന പട്ടാള

ത്തിൽ കൊർന്നെല്യോസ് എന്നു പേരുള്ളോരു ശതാധിപൻ ഉണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു (പ്രവൃത്തി 10:1-2). ഏക സത്യ ദൈവത്തിൽ വിശ്വസിച്ചിരുന്ന, ആരാധിച്ചിരുന്ന വ്യക്തി ആയിരുന്നു. ദൈവത്തെ ഭയപ്പെടുവാൻ അവൻ തന്റെ ഭവനത്തേയും പഠിപ്പിച്ചിരുന്നു. സദാ പ്രാർത്ഥിക്കുന്നവനുമായിരുന്നു. ദയാതൽപരനായിരുന്നതു കൊണ്ടു സാധുക്കളെ സഹായിക്കുകയും ചെയ്തിരുന്നു. അങ്ങനെ വിശ്വാസവും നല്ല പ്രവർത്തികളും എല്ലാം അവനിൽ ഉണ്ടായിരുന്നിട്ടുപോലും അവനും രക്ഷ ആവശ്യമായിരുന്നു.

അവൻ തന്റെ വീട്ടിൽ ഒരു ദൂതൻ നില്ക്കുന്നതു കണ്ടു എന്നും നീ യോപ്പയിലേക്കു ആളയച്ചു പത്രൊസ് എന്നു മറുപേരുള്ള ശിമോനെ വരുത്തുക: നീയും നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിന്നോടു സംസാരിക്കും എന്നു ദൂതൻ പറഞ്ഞു എന്നും ഞങ്ങളോടു അറിയിച്ചു. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ എന്നു ചോദിച്ചാൽ അവരുടെ പ്രവൃത്തികളാൽ ഇല്ല എന്നാണ് ഉത്തരം. നല്ലവരായ ആളുകൾ പോലും പാപം ചെയ്തിട്ടുണ്ട്. ഒരു വ്യക്തിയുടെ പാപം പോലും അയാളെ സ്വർഗ്ഗത്തിൽ നിന്നു അകറ്റി നിർത്തിയേക്കാം. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവർ ആരും അതിൽ കടക്കയില്ല (വെളിപ്പാട് 21:27).

ന്യായപ്രമാണത്തിലായിരുന്നവർ ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റുകാരനായി തീർന്നു എന്നാണ് പറഞ്ഞിരിക്കുന്നതു. ക്രിസ്തുവിനും ക്രിസ്തുവിന്റെ യോഗത്തിനുമാണ് പാപം മോചിക്കുവാൻ കഴിയുന്നതു (വെളിപ്പാട് 1:5). ഇതു സാദ്ധ്യമാകുന്നതു നാം ക്രിസ്തുവിന്റെ സുവിശേഷവുമായി ബന്ധപ്പെടുമ്പോഴാണ്. ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു സസ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകികള

ളക എന്നു അനന്യാസ് ശൗലിനോടു പറയുകയുണ്ടായി (പ്രവൃത്തി 22:16)

മതപരമായ എല്ലാ നല്ല ആളുകളും, ധാർമ്മികരായ എല്ലാ നല്ല ആളുകളും അവരുടെ നല്ല പ്രവൃത്തികളാൽ രക്ഷിക്കപ്പെടുമെന്നു ഒരിക്കലും കരുതേണ്ട. ദൈവത്താൽ നീതികരിക്കപ്പെട്ടാൽ മാത്രമെ നാം നീതിമാന്മാരാകയുള്ളു. സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും എന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ട് (മത്തായി 15:13).

✶

# ബൈബിൾ മാത്രം രക്ഷ

## എൽവുദ് ഹോൾട്ട്

**പാ**പത്തിൽ നിന്നുള്ള മോചനം ഏതൊരാളും ആഗ്രഹിക്കുന്ന ഒന്നാണ്. എന്നാൽ അതിനു ആളുകൾ കണ്ടെത്തുന്നതു പല മാർഗ്ഗങ്ങളാണ്. യഥാർത്ഥമായ രക്ഷ എന്തെന്നും അതെങ്ങനെ ലഭിക്കുമെന്നും നാം തിരിച്ചറിയണം. എല്ലാവർക്കും ആവശ്യമായ ഒന്നാണ് രക്ഷ. ആദാമിന്റെയും ഹവ്വയുടേയും നിയമലംഘനം പിശാചിന്റെ പ്രേരണയാലാണ് സംഭവിച്ചത്. അതിന്റെ ഫലമായി പാപവും മരണവും ലോകത്തിലേക്കു കടന്നു വന്നു. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അങ്ങനെ പാപത്തിനും മരണത്തിനും അധീനനായി തീർന്നു. തിരിച്ചറിവുള്ള ഏതൊരാളും പാപം ചെയ്തു പാപിയായി തീരുന്നു. ദൈവത്തിന്റെ പ്രമാണത്തെ ലംഘിക്കുന്നവരാണ് പാപികൾ. അപ്പൊസ്തലൻ പറയുന്നതു: ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ് നഷ്ടമാക്കി എന്നാണ് (റോമർ 3:23). നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം ദൈവത്തെ അസത്യവാനാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1 യോഹന്നാൻ 1:10).

മനുഷ്യരുടെ രക്ഷയെ കുറിച്ച് ധാരാളം തെറ്റായ കാഴ്ചപ്പാടുകൾ ഉണ്ട്. രക്ഷ എന്നതു ദൈവ കൃപയാൽ ലഭിക്കുന്നതു കൊണ്ടു മനുഷ്യർക്കു അതിൽ ഒരു പങ്കും ഇല്ല എന്ന അഭിപ്രായക്കാരുണ്ട്. വേറെ ചിലർ വിചാരിക്കുന്നതു രക്ഷ അത്ഭുതകരമായി സിദ്ധിക്കുന്നു എന്നാണ്. പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ കൊണ്ടാണ് അതു കിട്ടുന്നതു എന്നതാണ് അവരുടെ പക്ഷം. എത്ര ശ്രമിച്ചാലും ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല എന്നും പിശാച് മനുഷ്യരെ തടഞ്ഞു നിർത്തുമെന്നും ആണ് അവർ കരുതുന്നത്. അതുകൊണ്ടു കഴിവതും ആത്മാർത്ഥതയോടെ ജീവിക്കുക മാത്രമാണ് ചെയ്യേണ്ടതു എന്നതാണ് അവരുടെ ഉള്ളിൽ ഉള്ളത്. ദൈവവചനവുമായി ഒത്തു നോക്കുമ്പോഴാണ് ഇവരെല്ലാം എത്രത്തോളം അബദ്ധ സഞ്ചാരികളാണെന്നു മനസിലാക്കുന്നതു. മത നായകന്മാർ വ്യത്യസ്ഥ രീതിയിലുള്ള രക്ഷാപദ്ധതികളാണ് മനുഷ്യരെ പഠിപ്പിക്കുന്നത്. അതുകൊണ്ടു ലോകം ഇന്നു തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നതിൽ അതിശയിക്കാനില്ല. രക്ഷക്കുള്ള സത്യസന്ദേശം എന്തെന്നു അറിയുവാൻ നാം ബൈബിളിലേക്കു നോക്കണം.

ബൈബിൾ രക്ഷാപദ്ധതി, കർത്താവിന്റെ മഹത്തായ ആജ്ഞതയിൽ അടങ്ങിയിരിക്കുന്നു (മത്തായി 28:19). കർത്താവു ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു ശിഷ്യരാക്കി കൊൾവിൻ. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). പാപികൾക്കു വേണ്ടി മരിച്ചു, ഉയിർത്തെഴുന്നേറ്റ കർത്താവാണ് ഈ കല്പന മനുഷ്യർക്കു നല്കിയതു. രക്ഷിപ്പാൻ തക്ക യോഗ്യൻ അവൻ മാത്രമെയുള്ളു. അവന്റെ നാമം സർവ്വ നാമത്തിലും മേലാകുന്നു (പ്രവൃത്തി 4:12).

ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു (ലൂക്കൊസ് 24:25-47). ദൈവത്തിന്റെ മുൻകൂട്ടിയുള്ള പദ്ധതിയാണ് ഈ രക്ഷ പദ്ധതി, മറ്റൊരു വിധത്തിലും മനുഷ്യരെ രക്ഷിപ്പാൻ കഴിയാത്തതിനാലാണ് ദൈവം ഈ പദ്ധതി രൂപ്പപ്പെടുത്തിയതു: ദൈവ വ്യവസ്ഥയെ മാനിക്കുന്ന ഏതൊരാൾക്കും നൽകും. അതുപയോഗിക്കേണ്ടതു മനുഷ്യരാണ്.

ദൈവാത്മാവിനാൽ നല്കപ്പെട്ട അവന്റെ സത്യ വചനത്തിൽ രക്ഷക്കുള്ള നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കപ്പെടണം. എല്ലാവരും അതു കേൾക്കണം. ശരിയായ അറിവു നേടിയിട്ടു വേണം വിശ്വസിക്കുവാൻ. വിശ്വാസം വന്ന ഒരാൾ പാപത്തിൽ നിന്നു മോശമായ സ്വഭാവം മാറ്റി, പരിശുദ്ധനായ ദൈവത്തിന്റെ നേരായ വഴിയിൽ സഞ്ചരിക്കാൻ ഒരുങ്ങണം. മാത്രമല്ല, മുൻ കഴിഞ്ഞ പാപങ്ങളെ മായിച്ചു കഴുകി ശുദ്ധരായി തീരുവാനുള്ള മുങ്ങൽ സ്വീകരിക്കണം. പാപമോചനത്തിനായിട്ടുള്ള കല്പനയാണിത്.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏക രക്ഷാമാർഗ്ഗത്തിന്റെ പ്രത്യേകത ശ്രദ്ധിക്കുക. ക്രിസ്തുവിന്റെ ആജ്ഞതഅതേപടി നിറവേറ്റിയ അപ്പൊസ്തലന്മാർ അതങ്ങനെ തന്നെ പഠിപ്പിക്കയും വേദപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. തിരുവെഴുത്തിൻ പ്രകാരം രക്ഷിക്കപ്പെടുവാൻ ഒരാൾ ആഗ്രഹിക്കുകയാണെങ്കിൽ അയാൾ സുവിശേഷ സന്ദേശം കേൾക്കണം (റോമർ 10:17). തുടർന്നു വിശ്വാസം ഉണ്ടാകണം. രക്ഷകനായ ക്രിസ്തുവിൽ ആ വ്യക്തി ആശ്രയിക്കണം (പ്രവൃത്തി 16:31). പാപങ്ങളിൽ നിന്നു അയാൾ ദൈവത്തിലേക്കു തിരിയണം. വഴി മാറി സഞ്ചരിക്കണമെന്നർത്ഥം (പ്രവൃത്തി 2:38; 17:30). ക്രിസ്തുവിലുള്ള വിശ്വാസത്തെ ഏറ്റു പറയുകയും വേണം (മത്തായി 10:32). അതു രക്ഷക്കു വേണ്ടിയാണെന്നും വചനം നമ്മെ പഠിപ്പിക്കുന്നുണ്ട് (റോമർ 10:10). പാപമോചനത്തിനായുള്ള

സ്നാനവും ഏല്ക്കാൻ പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 2:38; 22:16). രക്ഷയ്ക്കു വേണ്ടിയാണ് സ്നാനം എന്നതു വിസ്മരിക്കരുത്. (1 പത്രോസ് 3:21).

ഇതാണ് ദൈവത്തിന്റെ പദ്ധതി. ദൈവത്തിന്റെ പദ്ധതിയാണ് ബൈബിൾ പദ്ധതി. പക്ഷേ മനുഷ്യരുടെ പദ്ധതികൾ വ്യത്യസ്തവും വിഭിന്നവുമാണ്. പാരമ്പര്യസിദ്ധാന്തവും ഭൂരിപക്ഷവും അനുശാസിക്കുന്ന പദ്ധതിയാൽ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല. ദൈവത്തിന്റെ സത്യ വചനത്തിൽ വേറൊരു മാർഗ്ഗം രക്ഷക്കായി ഇല്ല (ഗലാത്യർ 1:6-9). ദൈവത്തിന്റെ ഏകജാതനായ പുത്രൻ രക്ഷയുടെ കാരണ ഭൂതനായി തീർന്നതു സ്വർഗ്ഗീയ പിതാവിനെ പൂർണ്ണമായി അനുസരിച്ചുകൊണ്ടാണ്. ആ പുത്രന്റെ കല്പനകളെ നിഷേധിച്ചുകൊണ്ടു ആർക്കും രക്ഷിക്കപ്പെടാമെന്നു കരുതണ്ട. കർത്താവിന്റെ ഉപദേശത്തെ വിശ്വസിക്കയും അനുസരിക്കയും ചെയ്യുക എന്നതു മനുഷ്യരുടെ ധർമ്മമാണ്. അതിനു പകരമായി മറ്റെന്തു ചെയ്താലും അതു ദൈവത്തിനു സ്വീകാര്യമാവുന്നില്ല. സ്വർഗ്ഗത്തോടുള്ള നമ്മുടെ സമീപനം എങ്ങനെയിരിക്കുന്നു എന്നതാണ് ചിന്തിക്കേണ്ടതു.

ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ആത്മരക്ഷ നിങ്ങൾ പ്രാപിച്ചുവോ? അതോ നിലവിലുള്ള മതാചാരങ്ങളാണോ നിങ്ങൾ അനുസരിച്ചത് ? കർത്താവിന്റെ കല്പനപ്രകാരം രക്ഷ പ്രാപിക്കുവാൻ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. ദൈവത്തെ അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് ദൈവത്തിനു മഹത്വം കൊടുക്കുക. അതാണ് ശ്രേഷ്ടമായ സമീപനം.

✶

## സാത്താൻ ആരാണ്?

**റോബർട്ട് എം.**

**ഏ**തൊരു ചോദ്യത്തിനും ശരിയായ ഉത്തരം കണ്ടെത്തുവാൻ നാം ബൈബിളിനെ ആശ്രയിക്കണം. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാണ് സാത്താൻ. അവന്റെ സൂത്രങ്ങൾ നാം

അറിഞ്ഞിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. സൂത്രശാലിയായ പിശാചിന്റെ തന്ത്രപരമായ പ്രവർത്തനങ്ങൾ ആണ് മനുഷ്യരേയും ദൈവത്തേയും തമ്മിൽ ഭിന്നിപ്പിക്കുന്നത് (2 കൊരിന്ത്യർ 2:11: എഫെസ്യർ 6:11-17). കുറച്ചുകൂടെ പറയുകയാണെങ്കിൽ സാത്താൻ നമ്മുടെ വഴി മുടക്കിയാണ്. നന്മയിലേക്കു തിരിയുന്നവരെ അവൻ തടുക്കും എന്നു അപ്പൊസ്തലനായ പൌലോസ് പറയുന്നു. (1 തൊസലൊനിക്യർ 2:18) സാത്താൻ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലനായിരുന്ന പൌലോസിന്റെ സേവനത്തെയും അന്നത്തെ ചില ക്രിസ്ത്യാനികളെയും തടുത്തുവെങ്കിൽ ഇന്നും അവൻ നമ്മുടെ സേവനത്തെയും ദൈവവചനാനുസരണത്തെയും തടയും എന്നതു സ്പഷ്ടമാണ്.

ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരും ആത്മീയ പോരാട്ടത്തിലാണ്. അതുകൊണ്ടു എതിരാളിയെ കുറിച്ച് നാം ബോധ്യമുള്ളവരായിരിക്കണം. പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു നോക്കി അലഞ്ഞു നടക്കുകയാണ് എന്നു പത്രൊസ് നമ്മെ മുന്നറിയിക്കുന്നുണ്ട്. (1 പത്രൊസ് 5:8) സാത്താനെ കുറിച്ചു വെളിപ്പെടുത്തിയിട്ടുള്ള ചില യാഥാർത്ഥ്യങ്ങളെ നമുക്കു ശ്രദ്ധിക്കാം.

പല പേരുകളാൽ സാത്താൻ അറിയപ്പെടുന്നുണ്ട്. അവനെ സാത്താൻ എന്നു വിളിച്ചിട്ടുണ്ട്. (ഇയ്യോബ് 1:6-1 ദിനവൃത്താന്തം 21: 1 സെഖര്യാവ് 3:1; ലൂക്കോസ് 22:31) പിശാച് (മത്തായി 13:39). യോഹന്നാൻ വിവരിച്ചിരിക്കുന്നത് ഈ ലോകത്തിന്റെ പ്രഭുവായിട്ടാണ് (യോഹന്നാൻ 12:31,14:30,16:11) ഈ ലോകത്തിന്റെ ദൈവം ആയിട്ട് പൌലോസ് ചിത്രീകരിക്കുന്നു (2 കൊരിന്ത്യർ 4:4) മത്തായിയുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നതു ദുഷ്ടൻ എന്നാണ്. (മത്തായി 13:39) ഭോഷ്ക്കു പറയുന്നവനും അവന്റെ അപ്പനും ആകുന്നു എന്നു കർത്താവു പറഞ്ഞിരിക്കുന്നു. (യോഹന്നാൻ 8:44) കുറ്റാരോപണം നടത്തുന്നവനാണ് പിശാച് (ഇയ്യോബ് 1:6 -7:9-12: വെളിപ്പാട് 13:10).

ആളുകളെ ദൈവത്തിൽ നിന്നും പിന്തിരിക്കുവാൻ പിശാച് പ്രവർത്തിക്കുന്നുണ്ട്. അവൻ ഇതു നേരിട്ടു പ്രവർത്തിക്കുകയ

ല്ല. പരോക്ഷമായി പ്രവർത്തിക്കും. ആദ്യം പരീക്ഷണമായി നമ്മിൽ പാപം ചെയ്യുവാനുള്ള അവസരം ഒരുക്കും. പിന്നീട് ആ മോഹത്തിനു നാം ഇരയായി തീരുന്നു. (1 യോഹന്നാൻ 2:15–17) നമുക്കു നേരിടുന്ന പരീക്ഷണത്തെ മൂന്നായി തരം തിരിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണവ. പരീക്ഷണങ്ങളും പരിശോധനകളും വരുമ്പോൾ നാം ഓർത്തിരിക്കേണ്ട കാര്യം ദൈവം ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല എന്നതാണ്. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. എന്റെ പ്രിയ സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത് (യൊക്കൊബ് 1:13–16).

ആത്മീയമായി സാത്താൻ നമ്മെ അന്ധരാക്കി മാറ്റും എന്നു പൌലൊസ് പറഞ്ഞിട്ടുണ്ട്. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസു കുരുടാക്കി (2 കൊരിന്ത്യർ 4:4) സാത്താൻ നേരിട്ടു വന്നു നമ്മുടെ കാഴ്ച ഇല്ലാതാക്കുകയല്ല ചെയ്യുന്നതു. പിന്നെയോ നമ്മുടെ കാഴ്ച ശരിയായതിൽ നിന്ന് മറ്റൊന്നിലേക്കു തിരിച്ചു വിടുന്നു. അപ്പോൾ നാം കാണേണ്ടതു കാണുന്നില്ല. ഇന്നു ഭൂരിഭാഗം പേർ ആത്മീയ കാഴ്ച നഷ്ടപ്പെട്ടവാണ്, പിശാച്, താൽക്കാലികമായ ആകർഷണ വലയത്തിൽ കുടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നിത്യമായ നമ്മുടെ ഭാഗ്യം അവൻ ഇല്ലാതാക്കുന്നു. ലോകപ്രകാരമുള്ള ജീവിത സുഖത്തിലേക്കു നമ്മുടെ ശ്രദ്ധയും കരുതലും മാറുമ്പോൾ ആത്മീയമായി നാം ചിന്തിക്കാതിരിക്കും. അവിടെയാണ് പിശാച് വിജയിക്കയും മനുഷ്യർ പരാജയപ്പെടുകയും ചെയ്യുന്നത്.

ദുരുപദേശങ്ങൾ, മാനുഷികമായ ഉപദേശങ്ങൾ, അനാചാരങ്ങൾ, ദൈവ നിയമത്തിനു വിരുദ്ധമായ പ്രവണതകൾ എന്നിവയെല്ലാം സാത്താന്റെ തന്ത്രങ്ങളാണ്. ശരിയായ സത്യത്തെ അൽപമൊന്നു മാറ്റിയാൽ ആരും അതത്ര കാര്യമാക്കുകയില്ല എന്നതാകാം അവൻ ചിന്തിക്കുന്നത് മനുഷ്യർ അതു അങ്ങനെ വിശ്വസിച്ചു കൈക്കൊള്ളും എന്നു പിശാചിനറിയാം. മനുഷ്യരെ

തെറ്റിക്കുവാൻ പിശാച് തന്റെ എല്ലാ സൂത്രവഴികളും ഉപയോഗിക്കും. സഹോദരങ്ങളെ തമ്മിൽഭിന്നിപ്പുണ്ടാക്കി അവരെ ദൈവത്തിൽ നിന്നകറ്റും. ബന്ധുക്കളിലും കുടുംബാംഗങ്ങളിലും ദൈവവചനം അനുസരിക്കാതിരിക്കുന്നവരിൽ അവൻ പ്രവേശിച്ച് ദൈവ മക്കളെ പ്രലോഭിപ്പിച്ച് പിന്തിരിപ്പിക്കും. അതു തിരിച്ചറിയുവാനുള്ള പരിജ്ഞാനം നമ്മിൽ വേണം. ബലഹീനരുടെ ബലഹീനത അവൻ ചൂഷണം ചെയ്യും.

സാത്താൻ കുലപാതകനും ഭോഷ്ക്കു പ്രചരിപ്പിക്കുന്നവനുമാണ്. ലോകത്തിൽ പാപവും പാപത്താൽ മരണവും കടത്തിവിട്ടതു അവനാണ്. വഞ്ചനയിലുടെ അവൻ മരണത്തിനിടയാക്കിയതാണ്. ചോദ്യങ്ങൾ ചോദിച്ചു ദുരൂഹത സൃഷ്ടിച്ച ആളുകളെ വഞ്ചിക്കുകയാണ് സാത്താൻ. വിശ്വാസക്കുറവുള്ളവരുടെ ഹൃദയത്തിൽ സംശയം ചെലുത്തുകയും അവരെ അവിശ്വാസത്തിലേക്കു മാറ്റുകയും ചെയ്യും. അതുകൊണ്ടു നാം ഉണർന്നിരിക്കണം. സാത്താൻ നോക്കുന്നതു മനുഷ്യന്റെ ആത്മാവിനെയാണ്. പ്രപഞ്ച വസ്തുക്കളെ കാണിച്ച് മോഹിപ്പിച്ച് വിലയേറിയ ആത്മാവിനെ അവൻ നശിപ്പിക്കുന്നു. സർവ്വലോകത്തെക്കാളും വിലയുള്ളതാണ് നമ്മുടെ ആത്മാവ്, ആ ഒരു ആത്മീയ പരിജ്ഞാനം നമ്മിൽ നിലനിർത്തണം.

ഈ ആത്മീയ യുദ്ധത്തിൽ നാം എടുക്കേണ്ട ആയുധം ശാരീരികമോ ലൗകികമോ ആകരുത്. കാരണം നമ്മുടെ പോരാട്ടം ജഡ രക്തങ്ങളോടല്ല. ദുഷ്ടാത്മസേനയോടാണ്.

✶

## എന്തൊരു രക്ഷകൻ!

**തോമസ് ആർ.ഡി.**

**മ**നുഷ്യർക്കു ഭൗതികവും ആത്മീകവുമായ രക്ഷ ആവശ്യമുണ്ട്. കാരണം നാം സ്വയം പര്യാപ്തരല്ല എന്നതാണ്. നമ്മുടെ കഴിവുകൾ, പരിമിതികൾ എന്നിവ മനസിലാക്കണം. ആഴക്കട

ലിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഒരാൾക്കു രക്ഷപ്പെടുവാനുള്ള അവസരം കിട്ടുന്നതു ഭാഗ്യകരമാണ്. അധർമ്മം പെരുകിയതു മൂലം മനുഷ്യരും ദൈവവും തമ്മിൽ അകന്നു. പാപത്തിൽ നിന്നു സ്വന്ത കഴിവുകൊണ്ടു ഒഴിഞ്ഞു മാറുവാൻ ആർക്കും കഴിയുകയില്ല. പാപം ചെയ്യാതെ നന്മമാത്രം ചെയ്തു ജീവിക്കുന്ന ആരും ഭൂമിയിലില്ല. അതുകൊണ്ടാണ് ദൈവത്തിനു സ്വീകാര്യമായ ഒരു പ്രായശ്ചിത്തം വേണ്ടി വന്നതു. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ചതു അതിനു വേണ്ടിയായിരുന്നു. മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാൻ അതു കാരണമായി തീർന്നു.

പ്രായ്ശ്ചിത്തം എന്നു പറഞ്ഞാൽ ദൈവത്തിന്റെ നീതിയും വിശുദ്ധിയും നിലനിർത്തി യാതൊരു വിട്ടു വീഴ്ച്ചയുമില്ലാതെ പാപങ്ങൾക്കു ശിക്ഷ കൊടുത്തുകൊണ്ടു കരുണ കാണിക്കുന്ന പ്രവൃത്തിയാണ്. നീതിമാനായ ദൈവം തൃപ്തിയടയുകയും മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കുകയും ചെയ്യുന്ന ഒന്നാണിത്. രക്താംബരം പോലെ ചുവന്ന പാപത്തെ ഹിമം പോലെ വെളുപ്പിക്കുവാനായി ദൈവം ഒരുക്കിയ പദ്ധതിയാണിത്. മാറ്റമില്ലാത്ത ദൈവ സ്വഭാവത്തെയാണിത് വ്യക്തമാക്കുന്നത്. മനുഷ്യരെന്റെ ദൈവിക നിലവാരത്തോടു ഉയർത്തുന്ന ഒരു ഉയിർപ്പിനെ ശുശ്രൂഷയാണിത്. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഉണ്ടായിരുന്ന പ്രശ്നം പാപമായിരുന്നു. ദൈവത്തേയും മനുഷ്യരേയും തമ്മിൽ വേർപിരിച്ചിരുന്നതു പാപമായിരുന്നു. പ്രായ്ശ്ചിത്തത്താൽ ആ പ്രശ്നം മാറി കിട്ടുന്നു. അതാണ് ഇതിലുള്ള പ്രത്യേകത. ദൈവത്തിന്റെ ന്യായത്തിനും നീതിക്കും കോട്ടം വരുത്താതെ ഒരു വിശ്വാസിയെ നീതീകരിക്കുന്നു. ദൈവത്തിന്റെ സ്നേഹം ആ വ്യക്തിക്കു ലഭിക്കുന്നു.

മനുഷ്യരുടെ സ്വഭാവത്തിനു രൂപാന്തരം വരുത്തുവാൻ കാരണമായി തീരുന്നതു അവന്റെ ഉള്ളിലെ വിശ്വാസം ആണ്. ബൈബിളിൽ നിരപ്പ് അല്ലെങ്കിൽ യോജിപ്പ് സാദ്ധ്യമാക്കി തീർക്കുന്നതു ദൈവമാണ്. മനുഷ്യർക്കു അനിവാര്യമായ മാറ്റത്തിനു സഹായം ചെയ്തുകൊടുക്കുന്നു. അതു നിസാരമായി കാണേണ്ട ഒന്നല്ല. നമ്മെ ദൈവത്തോടു നിരപ്പിക്കുന്നു എന്നാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് (റോമർ 11:15). മനുഷ്യരെ

ദൈവത്തോടു നിരപ്പിക്കുവാൻ യേശുക്രിസ്തു കാരണമായി തീർന്നു (റോമർ 5:11). യെഹൂദന്മാരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിനു കാരണമായി തീർന്നു. മനുഷ്യരുടെ നീതി പ്രവർത്തികൾ ദൈവത്തോടു നിരന്നുകൊൾവാൻ കാരണമാകുന്നില്ല. അതുകൊണ്ടു പ്രശംസിക്കുവാൻ നമ്മിൽ ഒന്നുമില്ല.

യേശു ക്രൂശിൽ മരിച്ചവരോടെ ലോകത്തിലെ സർവ്വ ജനത്തിനും ദൈവത്തോടു ബന്ധപ്പെടുവാൻ സാദ്ധ്യതയായി. അതായതു ദൈവത്തോടു ബന്ധപ്പെടുവാൻ സാദ്ധ്യതയായ ഒരു മാറ്റത്തിന്റെ ദൃശ്യം കാണുവാനിടയായി (എഫെസ്യർ 2:14-18; കൊലൊസ്യർ 1:21-22). ലോകത്തെ നാശത്തിൽ നിന്നു വിടുവിക്കുവാൻ ഒരവസരം സംജാതമായി. ദൈവത്തിന്റെ വിധിക ളെയും സ്വഭാവത്തെയും മാനിക്കുന്ന രീതിയിലേക്കു ആളുകൾ മാറി. അതുവരെ ഉണ്ടാകാതിരിരുന്ന ഒരു മനം മാറ്റമാണ് അതിനു ശേഷം ഉണ്ടായതു. മനുഷ്യരിലെ പാപം കണക്കിടാത്ത ഒരവസ്ഥ ഉണ്ടാകുക എന്നതു മനുഷ്യരെ സംബന്ധിച്ച് ആശാവഹമായ കാര്യം തന്നെയാണ്. അതുവരെ ലഭ്യമാകാതിരുന്ന ഒന്നു ലഭിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം അലയടിക്കാൻ തുടങ്ങി.

അകൃത്യം ലോകത്തിൽ നിറഞ്ഞു കവിയുന്ന സാഹചര്യത്തിലാണ് ദൈവം ഇങ്ങനെ പ്രവർത്തിക്കുന്നതു. ദൈവത്തിനു വേണമെങ്കിൽ ലോകത്തെ മുഴുവൻ നശിപ്പിക്കാമായിരുന്നു അതിനു പകരം തന്റെ ഏക ജാതനായ പുത്രനെ ലോകത്തിനായി നൽകി. ദൈവത്തിന്റെ മഹത്തായ സ്നേഹമാണ് പ്രദർശിപ്പിച്ചത്. എന്നാൽ ആളുകൾ ഇതിനു ശരിയായി പ്രതികരിക്കണമെന്നു മാത്രം. ലോകത്തിനു ഒരു രക്ഷകന്റെ ആവശ്യമുണ്ടെന്നു അറിഞ്ഞു ദൈവം പ്രവർത്തിച്ചു. മനുഷ്യർക്കും ദൈവത്തിനും മദ്ധ്യസ്ഥനായിട്ടാണ് യേശുക്രിസ്തു പ്രവർത്തിച്ചത്. ഒരു രക്ഷകന്റെ ദൗത്യം കർത്താവു പൂർത്തിയാക്കി.

എന്തെങ്കിലും ചെയ്തു ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യരാൽ അസാദ്ധ്യമായിരുന്നു. ദൈവത്തെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. ആകയാൽ അവൻ ഒരു പ്രായശ്ചിത്ത ബലിയായി തീർന്നു. പാപങ്ങൾക്കു വേണ്ടിയുള്ള പ്രായശ്ചിത്തമാണ് നടക്കേണ്ടതു. ദൈവത്തിൽ

നിന്നു മനുഷ്യർ അകന്നു പോയപ്പോൾ ഉണ്ടായ വിടവ് നിക ത്തുവാൻ ദൈവത്തിനു മാത്രമെ കഴിയു. അതുകൊണ്ടാണ് ദൈവം മനുഷ്യനായി ഭുമിയിൽ വന്നതു. ജഢത്തിൽ വസിക്കുന്ന മനുഷ്യൻ ബലഹീനനാണ്. ആ ബലഹീനത വെച്ചുകൊണ്ടു അതി നൊരു പരിഹാരം വരുത്തുകയാണ് ദൈവം ചെയ്യുന്നതു.

വേണ്ടപ്പെട്ടവരിൽ നിന്നു വേർപിരിയുമ്പോഴുണ്ടാകുന്ന വേദന, നിസഹായത, നിരാശ, ഏകാന്തത, ദുഃഖം എന്നിവ അനു ഭവപ്പെടുന്നവർക്കേ അതിന്റെ തീവ്രത അനുഭവപ്പെടുകയുള്ളു. ഭുമിയിലെ താല്ക്കാലിക വാസവും മനുഷ്യൻ അനുഭവിക്കുന്നു. ഇതിനു പകരം നിത്യജീവൻ, സന്തോഷം, സ്ഥിരത എന്നിവ ഉള്ള തായ സ്വർഗ്ഗം ദൈവം ഒരുക്കി. അതിനു ഒരു പ്രായശ്ചിത്തം വേണ്ടി വന്നു. നമ്മുടെ രോഗവും വേദനയും, മുറിവും, ഭാരവും അവൻ നമുക്കു വേണ്ടി ഏറ്റെടുത്തു (യെശയ്യാവ് 51:3). പാപിയായവർക്കു വേണ്ടി പാപമില്ലാത്തവൻ കഷ്ടതയേറ്റു. ബലഹീനരും അഭക്ത രുമായ മനുഷ്യർക്കുവേണ്ടി കുറ്റമില്ലാത്ത യേശു ക്രൂശിക്കപ്പെ ടുന്നു. അതു തന്റെ തേജസ് പങ്കിടുന്നതിനും കൂടെയായിരുന്നു.

മനുഷ്യനെ ദൈവം അറിയുന്നില്ല മനുഷ്യരെ ദൈവം കരു തുന്നില്ല എന്നോ ആർക്കും പറയാൻ സാദ്ധ്യമല്ല. അവൻ അറി യുന്നതുകൊണ്ടാണ് നമ്മെ സഹായിക്കുന്നത്. അവൻ നമ്മെ കരു തുന്നതുകൊണ്ടാണ് നമുക്കുവേണ്ടി ഒരു ശേഷ്ഠമായ സ്ഥാനം ഒരുക്കിയിരിക്കുന്നത്. അങ്ങനെ ദൈവത്തോടുകൂടെ മനുഷ്യർക്കു എന്നും ജീവിക്കാമല്ലൊ. ഭൂമിയിൽ വെച്ചു മാത്രമെ സാത്താനു മനുഷ്യരെ തോൽപ്പിക്കാൻ പറ്റു. സ്വർഗ്ഗത്തിൽ പിശാചിനു പ്രവേ ശനമില്ല. അവസാന നാളിൽ വേർതിരിക്കുന്ന വിടവ് ആർക്കും ഒരിക്കലും നികത്താമെന്നു വിചാരിക്കരുത് (ലൂക്കൊസ് 16:26). എങ്ങനെയായാലും ആ രക്ഷകന്റെ പ്രായ്ശ്ചിത്ത ബലി കാരണ ത്താൽ ദൈവത്തിന്റെ ദാനം സ്വീകരിക്കുമാറാക്കി. ഇത്ര വലിയ ഒരു രക്ഷകൻ നമുക്കുള്ളതുകൊണ്ട് അവന്റെ സൗജന്യമായ രക്ഷ ഒരിക്കലും തള്ളികളയരുത്.

✶

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am |
| | | Every Thursday at 9.30 pm |
| | | Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm |
| | | www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378